ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 20.02.2026**

## പ്രധാനവാർത്തകൾ

1.) ഇന്ത്യ എഐ ഇംപാക്ട് ഉച്ചകോടിയുടെ പശ്ചാത്തലത്തിൽ യുഎൻ സെക്രട്ടറി ജനറൽ അൻറോണിയോ ഗുട്ടറസ് ഉൾപ്പെടെയുള്ള പ്രമുഖരുമായി കൂടിക്കാഴ്ച നടത്തി പ്രധാനമന്ത്രി നരേന്ദ്രമോദി.

2) സംസ്ഥാനത്ത് എസ് ഐ ആറിന്റെ ഭാഗമായ അന്തിമ വോട്ടർ പട്ടിക നാളെ പ്രസിദ്ധീകരിക്കും. രാഷ്ട്രീയ പാർട്ടി പ്രതിനിധികളുടെ യോഗം മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസറുടെ അധ്യക്ഷതയിൽ ഇന്ന് ചേർന്നു.

3) വയനാട് മേപ്പാടി ഉരുൾപൊട്ടലിൽ കടമുറികൾ നഷ്ടപ്പെട്ട കെട്ടിട ഉടമകൾക്കും, സംരഭകർക്കും ഉചിതമായ നഷ്ടപരിഹാരം അനുവദിക്കാൻ സംസ്ഥാന മന്ത്രിസഭാ തീരുമാനം. ദുരന്തബാധിതർക്കായി ഒരുക്കിയ വീടുകളുടെ നറുക്കെടുപ്പും ഇന്ന് നടന്നു.

4) 2026 ലെ കേരള ഐ ടി നയത്തിന് അംഗീകാരം നൽകി മന്ത്രിസഭായോഗം.

5) സംസ്ഥാന സർക്കാർ ജീവനക്കാരുടെയും, പെൻഷൻകാരുടെയും 10 ശതമാനം ക്ഷാമബത്ത കുടിശ്ശിക അനുവദിച്ച് സർക്കാർ ഉത്തരവായി.

6) വന്ദേമാതരം സിഐഎസ്എഫ് കോസ്റ്റൽ സൈക്ലത്തോണിന് മറ്റന്നാൾ കൊച്ചിയിൽ സമാപനം

***************************

RNUTVPM

## പ്രധാനമന്ത്രി കൂടിക്കാഴ്ച

ഇന്ത്യ എഐ ഇംപാക്ട് ഉച്ചകോടിയുടെ പശ്ചാത്തലത്തിൽ യുഎൻ സെക്രട്ടറി ജനറൽ അൻറോണിയോ ഗുട്ടറസ് ഉൾപ്പെടെയുള്ള പ്രമുഖരുമായി പ്രധാനമന്ത്രി നരേന്ദ്രമോദി കൂടിക്കാഴ്ച നടത്തി. യുഎൻ പരിഷ്കരണം സംബന്ധിച്ച കാഴ്ചപ്പാടുകൾ ഇരുവരും പങ്കുവച്ചു. നിർമിത ബുദ്ധി ലോകനന്മയ്ക്കായി പ്രയോജനപ്പെടുത്തുന്നതിനുള്ള യുഎൻ സംരംഭങ്ങളെ ഇന്ത്യ പിന്തുണയ്ക്കുമെന്നും പ്രധാനമന്ത്രി അറിയിച്ചു. മൗറീഷ്യസ് പ്രധാനമന്ത്രി നവിൻചന്ദ്ര രാംഗൂലം, ശ്രീലങ്കൻ പ്രസിഡൻറ് അനുര കുമാര ദിസനായകെ, സ്ലോവാക് പ്രസിഡൻറ് പീറ്റർ പെലഗ്രിനി തുടങ്ങിയ നേതാക്കളുമായും ശ്രീ മോദി കൂടിക്കാഴ്ച നടത്തി.

***************************

## എ ഐ ഇംപാക്ട് ഉച്ചകോടി

ആഗോള എ ഐ രംഗവുമായി ബന്ധപ്പെട്ട നേതാക്കളുടെ പ്രഖ്യാപനത്തിന് ഇന്ത്യ - എ ഐ ഇംപാക്ട് ഉച്ചകോടി ഇന്ന് അംഗീകാരം നൽകും. ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ നടക്കുന്ന ഉച്ചകോടിയുടെ അഞ്ചാം ദിവസമായ ഇന്ന് GPAI ഉന്നതതല കൗൺസിൽ യോഗങ്ങളും ചേർന്നു. ഇന്ത്യ-യുഎസ് 'പാക്സ് സിലിക്ക' പ്രഖ്യാപനവും ഉച്ചകോടിയോട് അനുബന്ധിച്ച് ഒപ്പുവെച്ചു.

RAJU TVPM

***************************

## എഐ ഇംപാക്ട് (ഇൻട്രോ)

മാനസികാരോഗ്യ മേഖലയിൽ മാറ്റങ്ങൾ കൊണ്ടുവരാൻ നിർമ്മിതബുദ്ധി ഉപയോഗപ്പെടുത്തി, എഐ ഇംപാക്ട് ഉച്ചകോടിയിൽ കേരള പവലിയനിലൂടെ ഏറെ ശ്രദ്ധ നേടിയ തിരുവനന്തപുരം ടെക്നോപാർക്കിലെ സെഞ്ചുറിയോ ടെക്ക്

സ്റ്റാർട്ടപ്പ് സിഇഒ അജിഷ ഫാസി ആകാശവാണി വാർത്തകളോട്..

(വോയ്സ്)

***************************

## <u>തീവ്ര വോട്ടർ പട്ടിക (ഇൻട്രോ)</u>

സംസ്ഥാനത്ത് തീവ്ര വോട്ടർ പട്ടികാ പരിഷ്ക്കരണ നടപടികൾ നാളെ പൂർത്തിയാകുന്നതോടെ നിയമസഭാ തെരഞ്ഞെടുപ്പിനുള്ള ഒരുക്കങ്ങളും കൂടുതൽ ഊർജ്ജിതമാകും. എസ്.ഐ.ആറുമായി ബന്ധപ്പെട്ട് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസറുടെ നേതൃത്വത്തിൽ രാഷ്ട്രീയ പാർട്ടി പ്രതിനിധികളുടെ യോഗം ഇന്ന് തിരുവനന്തപുരത്ത് ചേർന്നു. **കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി.**

**(വോയ്സ്)**

***************************

## <u>മന്ത്രിസഭായോഗ തീരുമാനങ്ങൾ</u>

വയനാട് മേപ്പാടി ഉരുൾപൊട്ടലിൽ കടമുറികൾ നഷ്ടപ്പെട്ട കെട്ടിട ഉടമകൾക്കും, സംരഭകർക്കും ഉചിതമായ നഷ്ടപരിഹാരം അനുവദിക്കാൻ സംസ്ഥാന മന്ത്രിസഭ തീരുമാനിച്ചു. പൂർണ്ണമായി നഷ്ടം സംഭവിച്ച കടകൾക്ക് ഏഴ് ലക്ഷം രൂപയും, കടയുടമയ്ക്ക് ഒന്നിൽക്കൂടുതൽ കടമുറികൾ നഷ്ടമായിട്ടുണ്ടെങ്കിൽ അധികമുള്ള ഓരോ മുറിയ്ക്കും 2.5 ലക്ഷം രൂപ വീതവുംനഷ്ടപരിഹാരം അനുവദിക്കും. സംരംഭകർക്ക്, നഷ്ടത്തിൻറെ 50 ശതമാനമോ, നിശ്ചിത തുകയോ നഷ്ടപരിഹാരമായി നൽകും. സംസ്ഥാന ഐടി നയം 2026 നും മന്ത്രിസഭായോഗം അംഗീകാരം നൽകി. രാജ്യത്തെ ഐടി വ്യവസായ കയറ്റുമതിയുടെ 10 ശതമാനം വിഹിതമെങ്കിലും നേടുക, ഐടിയിലും അനുബന്ധ

RIJU TVPM

മേഖലകളിലുമായി കുറഞ്ഞത് അഞ്ച് ലക്ഷം പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, സമഗ്രമായ ഒരു സൈബർ സുരക്ഷാ നിയമം രൂപീകരിക്കുക തുടങ്ങി ഒട്ടേറെ കാര്യങ്ങൾ നയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

***************************

## സംസ്ഥാന സർക്കാർ-ക്ഷാമബത്ത

സംസ്ഥാന സർക്കാർ ജീവനക്കാരുടെയും, അധ്യാപകരുടെയും പെൻഷൻകാരുടെയും 10 ശതമാനം ക്ഷാമബത്ത കുടിശ്ശിക അനുവദിച്ച് സർക്കാർ ഉത്തരവായി. ഡിഎ 25 ശതമാനത്തിൽ നിന്നും 35 ആയാണ് വർദ്ധിപ്പിച്ചത്. മാർച്ച് മാസത്തെ ശമ്പളത്തിനും,ഏപ്രിൽ മാസത്തെ പെൻഷനും ഒപ്പം പുതുക്കിയ ഡിഎ ലഭിക്കും.

***************************

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്......

(ബ്രേക്ക്)

***************************

## നറുക്കെടുപ്പ് - വയനാട് (ഇൻട്രോ)

വയനാട് മുണ്ടക്കൈ-ചൂരൽമല ഉരുൾപൊട്ടൽ ദുരന്ത ബാധിതർക്കായി സർക്കാർ ഒരുക്കുന്ന കൽപ്പറ്റ ടൗൺഷിപ്പിലെ വീടുകളുടെ നറുക്കെടുപ്പ് മന്ത്രി ഒ.ആർ കേളുവിന്റെ അധ്യക്ഷതയിൽ ഇന്ന് നടന്നു. ചൂരൽമല സ്വദേശി അഷറഫാണ് ആദ്യം നറുക്കെടുത്തത്. **കൂടുതൽ വിവരങ്ങളുമായി ആകാശവാണി വയനാട് ജില്ലാ പ്രതിനിധി അരുൺ വിൻസൻറ്----**

RNU TVPM

(ഹോൾഡ്)

***************************

## <u>അപകടം - മലപ്പുറം</u>

മലപ്പുറം വളാഞ്ചേരിക്കടുത്ത് ആതവനാട്ട് മിനിലോറി ക്വാറിയിലെ വെള്ളക്കെട്ടിലേക്ക് മറിഞ്ഞു. 60 അടിയോളം താഴ്ചയുള്ള ക്വാറിയിൽ മുങ്ങിയ വാഹനം പുറത്തെത്തിക്കാൻ ക്രയിൻ ഉപയോഗിച്ച് ശ്രമം തുടരുകയാണ്. ലോറിയുടെ ക്ലീനർ വാഹനത്തിൽ അകപ്പെട്ടിട്ടുണ്ട്. ലോറി പൂർണമായും വെള്ളത്തിൽ മുങ്ങിത്താഴ്ന്നു. വാഹനത്തിൻറെ ഡ്രൈവറെ രക്ഷപ്പെടുത്താൻ സാധിച്ചിട്ടുണ്ട്.

***************************

RNU TVPM

## <u>നെല്ലെടുപ്പ്</u>

സപ്ളൈകോ മില്ലുകൾ മുഖേനയുള്ള നെല്ലെടുപ്പിന് പാലക്കാട് ജില്ലയിൽ ഇന്ന് തുടക്കമായി. സംഭരണ രസീത് ഹാജരാക്കുന്ന മുറയ്ക്ക് സഹകരണ സംഘങ്ങൾ വഴി നെല്ല് വില കർഷകർക്ക് നൽകാനാണ് തീരുമാനം. തൃത്താല , പട്ടാമ്പി, മണ്ണാർക്കാട് ഷൊർണ്ണൂർ ശ്രീകൃഷ്ണപുരം ബ്ലോക്ക് പരിധിയിലെ പാടശേഖരങ്ങളിൽ നിന്നാണ് ഇന്ന് മുതൽ നെല്ലെടുത്തു തുടങ്ങിയത്. 37 മില്ലുകളാണ് നെല്ലെടുപ്പിന് സപ്ലൈക്കോയുമായി കരാർ ഒപ്പിട്ടിരിക്കുന്നത്.

***************************

## <u>വന്ദേമാതരം സൈക്ലത്തോൺ</u>

വന്ദേമാതരം സിഐഎസ്എഫ് കോസ്റ്റൽ സൈക്ലത്തോൺ 2026 മറ്റന്നാൾ കൊച്ചിയിൽ സമാപിക്കും. കേന്ദ്ര ആഭ്യന്തര സഹമന്ത്രി ബാംഡി സഞ്ജയ് കുമാർ പരിപാടിയിൽ മുഖ്യാതിഥിയാകും. തീരദേശ സുരക്ഷാ അവബോധം, ദേശീയ ഐക്യം, സമൂഹ പങ്കാളിത്തം എന്നിവ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യവുമായാണ്

സിഐഎസ്എഫ് സൈക്കത്തോൺ സംഘടിപ്പിക്കുന്നത്. സൈക്ലോത്തോണ് കണ്ണൂരിൽ ഇന്ന് സ്വീകരണം നൽകി. മുഴപ്പിലങ്ങാട് ഡ്രൈവ്-ഇൻ ബീച്ചിൽ സബ് കലക്ടർ കാർത്തിക് പാണിഗ്രാഹിയാണ് യാത്ര ഫ്ളാഗ് ഓഫ് ചെയ്തത്. തുടർന്ന് ജില്ലയിലെ പര്യടനം പൂർത്തിയാക്കി സൈക്ലോത്തോൺ റാലി കോഴിക്കോട് ജില്ലയിലേക്ക് കടന്നു. 25 ദിവസം 6,553 കിലോമീറ്ററാണ് ഇതിലൂടെ സഞ്ചരിക്കുന്നത്.

***************************

## വണ്ടാനം -ശസ്ത്രക്രിയ

ആലപ്പുഴ വണ്ടാനം മെഡിക്കൽ കോളജ് ആശുപത്രിയിൽ അഞ്ചു വർഷം മുൻപ് ശസ്ത്രക്രിയയ്ക്ക് വിധേയയായ പുന്നപ്ര സ്വദേശി ഉഷ ജോസഫിന്റെ വയറ്റിൽ കത്രിക കുടുങ്ങിയെന്ന പരാതിയിൽ കൃത്യമായ നടപടി സ്വീകരിക്കുമെന്ന് ആരോഗ്യമന്ത്രി വീണാ ജോർജ്. സംഭവത്തിൽ ഗുരുതര വീഴ്ചയുണ്ടായതായും വിദഗ്ധ സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുമെന്നും മന്ത്രി അറിയിച്ചു. ഗൈനക്കോളജി വിഭാഗത്തിലുണ്ടായിരുന്ന ഡോ.ഷാഹിദയാണ് ശസ്ത്രക്രിയ നടത്തിയതെന്ന് ആശുപത്രി അധികൃതർ അറിയിച്ചു.

RNU TVPM

***************************

## ശബരിമല

ശബരിമല സ്വർണ അപഹരണ കേസിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് മുൻ പ്രസിഡൻ്റ് എ. പത്മകുമാറിന് ജാമ്യം. കൊല്ലം വിജിലൻസ് കോടതിയാണ് ഉപാധികളോടെ ജാമ്യം അനുവദിച്ചത്. ജാമ്യം ലഭിച്ചെങ്കിലും ദ്വാരപാലകശില്പകേസിൽ റിമാൻഡിൽ തുടരുന്നതിനാൽ പത്മകുമാറിന് ജയിൽ മോചിതനാകാൻ സാധിക്കില്ല.

***************************

## അൾട്രാവയലറ്റ് സൂചിക

കേരളത്തിൽ പകൽ താപനില വർധിക്കുന്നതിനൊപ്പം അൾട്രാവയലറ്റ് സൂചിക ഉയരുന്നതിൻറെ പശ്ചാത്തലത്തിൽ ജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി. പകൽ 10 മുതൽ 3 വരെയുള്ള സമയത്ത് നേരിട്ട് ശരീരത്തിൽ കൂടുതൽ സമയം തുടർച്ചയായി സൂര്യപ്രകാശം ഏൽക്കുന്നത് ഒഴിവാക്കണമെന്നും നിർദ്ദേശത്തിൽ പറയുന്നു. സംസ്ഥാനത്തെ വിവിധ ജില്ലകളിൽ നാളെയും മറ്റന്നാളും ഒറ്റപ്പെട്ട ശക്തമായ മഴയ്ക്കും സാധ്യതയുണ്ട്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിൽ നാളെയും, പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിൽ മറ്റന്നാളും കേന്ദ്രകാലാവസ്ഥാ വകുപ്പ് മഞ്ഞ ജാഗ്രത നൽകി. കേരള ലക്ഷദ്വീപ് തീരങ്ങളിൽ നാളെയും മറ്റന്നാളും മത്സ്യബന്ധനത്തിന് പോകരുതെന്നും മുന്നറിയിപ്പുണ്ട്.

PNU TVPM

***********************

## മൻ കി ബാത്

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കു വയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത് മറ്റന്നാൾ. പരിപാടിയുടെ 131-ാം പതിപ്പാണിത്. ദൂരദർശന്റെയും ആകാശവാണിയുടെയും എല്ലാ ശൃംഖലകളിലും പരിപാടി ലഭ്യമാകും. മൻ കി ബാത്തിലേക്കുള്ള ആശയങ്ങളും അഭിപ്രായങ്ങളും MyGov, NaMo App എന്നിവയിലൂടെയോ 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലോ ഇന്ന് കൂടി അറിയിക്കാം.

***********************

## ഓഹരി+സ്വർണ്ണം

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. സെൻസെക്സ് 316 പോയിന്റ് ഉയർന്ന് 82,815 ലും, നിഫ്റ്റി 117 പോയിന്റ് വർധിച്ച് 25,571 ലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണവില വർധിച്ചു. പവന് 640 രൂപ കൂടി ഒരു ലക്ഷത്തി 15,400 രൂപയും ഗ്രാമിന് 14,425 രൂപയുമാണ് ഇന്നത്തെ വില.

*************************************************************************************************

RNU TVPM